കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വർക്കല ബ്ലോക്ക് പഞ്ചായത്ത് 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ഏറ്റെടുത്ത യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം - പ്രോജക്ടിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ).380/15/തസ്വഭവ തിരുവനന്തപുരം, തീയതി, 06.02.2015

==========================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 17.09.2014 ലെ 114879/ഡിപി4/2014/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

വർക്കല ബ്ലോക്ക് പഞ്ചായത്ത് 2011-12 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, വികസന ഫണ്ട് വിഹിതം 1,50,000/- രൂപ വകയിരുത്തി 26 ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്യുവാനായി വിഭാവനം ചെയ്ത യുവജനങ്ങൾക്ക് സ്പോർട്ട്സ് കിറ്റ് (പ്രോജക്ട് നം.എസ്.0010/12) എന്ന പ്രോജക്ട് പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രിയൽ ലിമിറ്റഡ് എന്ന സർക്കാർ സ്ഥാപനം മുഖേന സ്പോർട്ട്സ് കിറ്റ് വാങ്ങി യുവജനങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 2012-13 സാമ്പത്തിക വർഷവും 1,06,730/- രൂപ വികസന ഫണ്ട് വകയിരുത്തി രജിസ്ട്രേഷനുള്ള യുവജന ക്ലബ്ബുകൾക്ക് സ്പോർട്ട്സ് കിറ്റ് (പ്രോ.നം.എസ്.0007/13) എന്ന പ്രോജക്ട് ഏറ്റെടുക്കുകയും വികസന ഫണ്ടിനത്തിൽ 1,05,938/- രൂപ ചെലവഴിക്കുകയും ചെയ്തു. എന്നാൽ 2011-12 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് 25.04.2013-ാം തീയതിയിൽ നടന്നപ്പോൾ, 11-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ട് ഏറ്റെടുത്തതിന് തടസ്സവാദം ഉന്നയിക്കുകയും ഗവൺമെന്റ് സാധൂകരണം ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. ആയതിനാൽ ഭാവിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത സ്പോർട്ട്സ് കിറ്റ് വിതരണം പോലെയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുകയില്ലായെന്നും നിലവിൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ സ്പോർട്ട്സ് കിറ്റ് വിതരണം പ്രോജക്ടിന് സാധൂകരണം നൽകണമെന്നും 2012-13 ലോക്കൽ ഫണ്ട് ആഡിറ്റ് ടി പ്രോജക്ട് നടപ്പിലാക്കിയതിന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും മറ്റ് അംഗങ്ങളുടേയും പേരിൽ ചുമത്തിയിരിക്കുന്ന സർചാർജ്ജ് ഒഴിവാക്കണമെന്നും പരാമർശ പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിരുന്നു.

സർക്കാര്യം ഇക്കാര്യം പരിശോധിച്ചു. സർക്കാർ സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്തതും ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതുമായ പ്രസ്തുത പ്രവൃത്തികൾ മേലിൽ ഏറ്റെടുക്കുകയില്ലായെന്ന നിബന്ധനയോടെ ബ്ലോക്ക് പഞ്ചായത്ത്

നടപ്പിലാക്കിയ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലെ സ്പോർട്സ് കിറ്റ് വിതരണം പ്രോജക്ടിന് സാധൂകരണം നൽകി മേൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളുടെയും പേരിൽ ചുമത്തിയിരിക്കുന്ന സർചാർജ്ജ് ഒഴിവാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
രാമൻകുട്ടി സി.
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, വർക്കല, ചെറുന്നിയൂർ പി.ഒ.
3. പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൌണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
6. ഡയറക്ടർ, ഐ.കെ.എം.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ